# കേരള കാർഷിക സർവ്വകലാശാല
# കാർഷിക കോളേജ്, വെള്ളാനിക്കര

എൽ.എം.സി നമ്പർ
നമ്പർ.എസ്റ്റാ 3/770/2021

തീയതി, 08/11/2021

## ക്വട്ടേഷൻ നോട്ടീസ്

വെള്ളാനിക്കര കോളേജ് ഓഫ് അഗ്രിക്കൾച്ചറിലെ 2022 ഒക്ടോബർ 31 വരെയുള്ള കാലയളവിലേയ്ക്ക് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഫാമുകളിലും ഗവേഷണ പദ്ധതികളിലും, പൊതുവായ കാർഷികപണികളും ചെയ്യുന്നതിനായി, ദിവസക്കൂലി നിരക്കിൽ തൊഴിലാളികളെ നൽകുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. E P F & M P act ൽ രജിസ്ട്രേഷൻ ഉള്ളതും The Contract Labour(Regulation &Abolition ) Act 1970 ലെ വകുപ്പ് 12 ൽ വ്യവസ്ഥ ചെയ്യും പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ളതുമായ വ്യക്തികൾക്കായിരിക്കും മുൻഗണന.

**നിബന്ധനകൾ**

1) ഫാമിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് അറുപതുവയസ്സിൽ കവിയാത്ത സ്ത്രീ/പുരുഷ തൊഴിലാളികളെ നൽകേണ്ടതാണ്.
2) രാവിലെ 8 മുതൽ 5 വരെയുള്ള സമയങ്ങളിൽ 8 മണിക്കൂറായിരിക്കും ജോലി സമയം.
3) ജോലി ചെയ്യുന്ന ദിവസങ്ങളിലെ വേതനത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
4) ക്വട്ടേഷനിൽ ദിവസവേതനം കൃത്യമായി കാണിച്ചിരിക്കണം.
5) ക്വട്ടേഷനുകൾ 23.11. 2021 , 2.30 PM മുൻപായി ഓഫീസിൽ ലഭിച്ചിരിക്കണം.
6) ക്വട്ടേഷനോടൊപ്പം 5000 രൂപ നിരതദ്രവ്യം ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്.

ഒട്ടിച്ച് സീൽ ചെയ്ത കവറിന് മുകളിൽ വെള്ളാനിക്കര, കാർഷിക കോളേജിൽ കൃഷിയിടങ്ങളിൽ ജോലിയ്ക്കായുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം. ക്വട്ടേഷനുകൾ **എൽ.എം.സി ഓഫീസ്-ഇൻ- ചാർജ്, കാർഷിക കോളേജ്, കെ.എ.യു. പി.ഒ, വെള്ളാനിക്കര-680656** എന്ന അഡ്രസ്സിൽ ലഭിച്ചിരിക്കണം. **23/11/2021, 3:PM** ന് തുറക്കുന്നതും സ്വീകാര്യമായ ക്വട്ടേഷനുകൾ ഉറപ്പിച്ച് നൽകുന്നതുമായിരിക്കും. ലഭ്യമാകുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള പൂർണ്ണമായ അധികാരം ഈ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

കാഷ്വൽ ഉറപ്പിച്ച് കിട്ടിയ വ്യക്തി 200 രൂപയുടെ സ്ററാമ്പ് പേപ്പറിൽ കരാർ ഒപ്പ് വെക്കേണ്ടതാണ്, കൂടാതെ എല്ലാ ദിവസവും വൈകിട്ട് 4 P.M നും 5 P.M നും ഇടയ്ക്ക് ഫാം ഓഫീസിൽ വന്ന് അടുത്ത ദിവസത്തേയ്ക്ക് ആവശ്യമായ തൊഴിലാളികളുടെ എണ്ണം അന്വേഷിച്ചറിയേണ്ടതും, അതനുസരിച്ച് അടുത്ത ദിവസം രാവിലെ 8 മണിക്ക് മുൻപായി ആവശ്യമായ അത്രയും തൊഴിലാളികളെ ഫാമിൽ നേരിട്ട് എത്തിക്കേണ്ടതുമാണ്. കാഷ്വൽ ഉറപ്പിച്ച് കിട്ടുന്ന വ്യക്തിക്ക് **പാൻ കാർഡ്** ഉണ്ടായിരിക്കേണ്ടതാണ്. കാഷ്വൽ ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പേരിൽ കാലാനുസൃതമായി മാറി വരുന്ന ഇ.എസ്.ഐ വിഹിതം അടയ്ക്കാൻ കരാറുകാർ ബാധ്യസ്ഥനാണ്. ഫാം ആവശ്യത്തിന് തൊഴിലാളികളെ നൽകുന്നതിൽ വീഴ്ച വരുത്തുന്നതുൾപ്പടെ മുകളിൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെടുയാണെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ കാഷ്വൽ റദ്ദ് ചെയ്യുന്നതായിരിക്കും.

പകർപ്പ്

1) ഡീൻ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ (അഗ്രികൾച്ചർ കോളേജ് നോട്ടീസ് ബോർഡ്)
2) ഹെഡ് കോർട്ടേഴ്സ് നോട്ടീസ് ബോർഡ്
3) മാടക്കത്തറ പഞ്ചായത്ത് ഓഫീസ്
4) സെൻട്രൽ നഴ്സറി നോട്ടീസ് ബോർഡ്
5) കെ.എ.യു.വെബ്സൈറ്റ്/സർക്കുലേഷൻ/ഫയൽ

Jyothi. Bhaskar
08/11/2021

Professor & Officer in-charge
Labour Management Cell
College of Horticulture, Vellanikkara